ശ്രീ. എം. പി. ഗോവിന്ദൻനായർ: ഇപ്പോഴത്തെ സാഹചര്യത്തിൽ അയവു വരുത്താൻ ഉദ്ദേശിക്കുന്നില്ല. അതിനുള്ള കാരണം ഇവിടെനിന്നും പാസാകുന്ന ഡാക്ടറന്മാരുടെ സേവനം ഇവിടെതന്നെ ലഭിക്കണമെന്നുള്ളതു കൊണ്ടാണു്. ബോണ്ടിലെ വ്യവസ്ഥകളും പാലിക്കുന്നതിനാവശ്യമായ നടപടികളും ഗവണ്മെൻറിൽനിന്നും സ്വീകരിക്കുന്നതാണു്.

ശ്രീ. കെ. എം. ജോർജ്ജു്: ടി. ബി. രോഗികൾക്കു് ഹോം ട്രീറ്റുമെൻറു കൊടുക്കുന്നതിനു് തിരഞ്ഞെടുക്കുന്നതു് ഏതു മാനദണ്ഡമനുസരിച്ചാണു്. അവരെ അതാതു മേഖലാഅടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അതാതു സ്ഥലത്തുള്ള ടി. ബി. ക്ലിനിക്കുകളും വഴിയാണു് ഇവരെ തിരഞ്ഞെടുക്കുന്നതു്. ടി. ബി. ക്ലിനിക്കുകളിൽ വരുന്ന രോഗികളെ പരിശോധിച്ചു് എടുക്കുക എന്നുള്ളതല്ലാതെ ഇതിൽ പ്രത്യേകമായ ഒരു മാനദണ്ഡം സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഗവണ്മെൻറു സർവ്വീസിലുള്ള പ്രതിഷേധവും അവഗണനയും കാരണം ഒൻപതും പത്തും കൊല്ലത്തെ സർവീസുള്ള ഡാക്ടറന്മാരെ സർവീസിൽനിന്നും ഒഴിവാക്കിക്കൊടുക്കണമെന്നു് അവർ ഗവണ്മെൻറിനോടു് അപേക്ഷിച്ചിട്ടു് അവരെ ഒഴിവാക്കാതെയിരിക്കുന്ന കേസുകളുണ്ടു്. അങ്ങനെയുള്ളവരെ ഒഴിവാക്കികൊടുക്കുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെയുള്ളവർക്കു് ഗവണ്മെൻറു സർവ്വീസിൽനിന്നും ഒഴിഞ്ഞുപോകണമെന്നുണ്ടെങ്കിൽ രാജിവച്ചിട്ടു് പോകാവുന്നതാണു്. ഒൻപതും പത്തും വർഷം സർവ്വീസുള്ളവർ ഒഴിഞ്ഞുപോകണമെന്നു പറയുന്നതു് അവരോടുള്ള അവഗണനകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. പ്രമോഷൻ കിട്ടണമെന്നു പറഞ്ഞാൽ അതു കൊടുക്കുന്നതിനു് സാധ്യമല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: അവർ ഗവണ്മെൻറിലേക്കു് രാജി സമർപ്പിച്ചിട്ടും അതു് സ്വീകരിക്കാതിരിക്കുകയാണു് ചെയ്യുന്നതെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അങ്ങനെ രാജി സ്വീകരിക്കാതിരിക്കുകയില്ല. അതിൽ എന്തെങ്കിലും കുഴപ്പം കാണും. അതുകൊണ്ടായിരിക്കും സ്വീകരിക്കാതിരിക്കുന്നതു്.

## വിദേശ ടൂറിസ്റ്റുകൾ

* 365 (25) ശ്രീ. എ. എൽ. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963-ൽ എത്ര വിദേശ ടൂറിസ്റ്റുകൾ ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടു്;

(ബി) 1962-ൽ സന്ദർശിച്ച ടൂറിസ്റ്റുകളുടെ എണ്ണത്തേക്കാൾ കുറവാണോ ഇതു്, ആണെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണു്;

(സി) വിദേശ ടൂറിസ്റ്റുകളെ ഇങ്ങോട്ടു ആകർഷിക്കുവാൻ ഗവണ്മെൻറു എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ.പി.പി. ഉമ്മർകോയ):

(എ. ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. അവ താഴെ പറയുന്നവയാണ്. 1. ടൂറിസ്റ്റുകൾക്കു താമസസൗകര്യം ക്ഷേണ സൗകര്യം മുതലായവ ആധുനിക രീതിയിൽ ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറുവക ഹോട്ടലുകളിലും ടൂറിസ്റ്റു ബംഗ്ലാവുകളിലും ഏർപ്പാട് ചെയ്യുക. (2) പുതിയ ടൂറിസ്റ്റു ബാഗ്ലാവുകൾ റെസ്റ്റു ഹൗസുകൾ മുതലായവ നിർമ്മിക്കുക (3) ടൂറിസ്റ്റുകൾക്ക് ഉല്ലാസ യാത്രക്ക് ബോട്ടുകൾ ഏർപ്പാട് ചെയ്യുക (4) ടൂറിസ്റ്റുകളുടെ സൗകര്യത്തെ പരിഗണിച്ച് ടൂറിസ്റ്റു കോച്ചുകൾ ഏർപ്പെടുത്തുക. (5) കേരളത്തിൻറെ ടൂറിസ്റ്റുപ്രാധാന്യത്തേയും പ്രത്യേകതകളേയും പറ്റി ഇൻഡ്യക്കകത്തും വിദേശങ്ങളിലും പ്രചരണം നടത്തുക, (6) ട്രാവൽ ഏജൻസികളുടെ പ്രവർത്തനത്തിൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക. (7) അന്യദേശങ്ങളിലെ ട്രാവൽ ഏജൻസികളെ ക്ഷണിച്ചുവരുത്തി കേരളത്തിൻറെ ടൂറിസ്റ്റുപ്രാധാന്യത്തെ നേരിൽ കാണിച്ചുകൊടുക്കുക ഇവയാണ്.

ശ്രീ. കെ. എം. ജോർജ്: അടുത്ത കാലത്ത് അമേരിക്കയിലെ ഏതാനും ടൂറിസ്റ്റു ഏജൻസികൾ കേരളം സന്ദർശിച്ച അവസരത്തിൽ ഇവിടെ ടൂറിസ്റ്റ് കൾക്ക് അനുകൂല പരിതസ്ഥിതി സൃഷ്ടിച്ചിട്ടില്ലാത്തതുകൊണ്ടുള്ള പ്രയാസത്തെപ്പറ്റി ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അവരുടെ ഒരു പ്രസ്താവന പത്രങ്ങളിൽ വരുകയുണ്ടായി. ആ റിപ്പോർട്ട് ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതിൻറെ അടിസ്ഥാനത്തിൽ വേണ്ടത് ചെയ്യാൻ ദയവുണ്ടാകുമോ?

ശ്രീ. പി. പി. ഉമ്മർകോയ: പ്രത്യേകമായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് കഴിയുന്നത്ര സൗകര്യം ചെയ്തുകൊടുക്കുക എന്നുള്ളതാണ് ഗവണ്മെൻറിൻറെ നയം.

## പാലം, റോഡു മുതലായവയുടെ പണികൾ

* 366. (26) ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1960–61-ലെ ബഡ്ജറ്റിൽപെടുത്തിയിരുന്നതും ഇതുവരെ പ്രവൃത്തി തുടങ്ങാത്തതുമായ എത്ര പാലം റോഡുപണികൾ കോഴിക്കോട്ടുജില്ലയിൽ ഉണ്ട്.

(ബി) കൊയിലാണ്ടി സബ്ഡിവിഷനിൽപ്പെട്ട പേരാമ്പ്ര ചെമ്പ്ര റോഡിലെ, ചെമ്പ്ര പാലത്തിൻറെ പ്രവൃത്തി ഇന്ന് ഏതു സ്ഥിതിയിലാണ് ഉള്ളതു് ;

(സി) മലയോരപ്രദേശങ്ങളിലെ കാർഷിക ഉൽപ്പന്നങ്ങൾ അടുത്ത പേരാമ്പ്ര മാർക്കറ്റിൽ എത്തിക്കുവാൻ ഏറ്റവും ഉപയോഗപ്രദമായ ഈ പാലം പ്രവൃത്തി ഉടനെ നടത്തുവാൻ വേണ്ടുന്ന നിർദ്ദേശം നൽകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ പി. പി. ഉമ്മർകോയ) :

(എ) മൂന്നു പാലങ്ങളുടേയും പതിമൂന്നു റോഡുകളുടേയും പണികൾ,

(ബി) ധനദൗർലഭ്യം കാരണം ഈ പാലത്തിൻറെ പ്രവൃത്തി മാറ്റിവച്ചിരിക്കുകയാണ്.

(സി) 'ബി'യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly